പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2258 18.12.2012 -ലെ മറുപടി

പൊന്നാനി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ സമഗ്ര വികസനം

ചോദ്യം

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | പൊന്നാനി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ സമഗ്ര വികസന പ്രവർത്തനങ്ങൾക്കായി എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നുള്ള ഒരു കോടി രൂപയുടെ പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ വിശദീകരിക്കാമോ; | (എ) | ആസ്തി വികസന ഫണ്ടിൽ നിന്നും വാഗ്ദാനം ചെയ്തിട്ടുള്ള ഒരു കോടി രൂപയ്ക്കുള്ള കെട്ടിടത്തിന്റെ രൂപ രേഖയും, എസ്റ്റിമേറ്റും തയ്യാറാക്കി കഴിഞ്ഞു. പ്രസ്തുത രൂപരേഖയും എസ്റ്റിമേറ്റും 12.12.2012 -ൽ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ പരിശോധനയ്ക്കു ശേഷം പ്രസ്തുത പ്രവർത്തിയ്ക്ക് ഭരണാനുമതി ലഭ്യമാക്കി ടെൻഡർ നടപടികൾ തുടങ്ങാവുന്നതാണ്. |
| (ബി) | കെ.എസ്.ആർ.ടി.സി. സിവിൽ വിംഗ് കെട്ടിടത്തിന്റെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ള മറ്റ് പ്രവർത്തനങ്ങൾ എന്തൊക്കെ യാണെന്ന് വിശദമാക്കാമോ; | (ബി) | ഉണ്ട്.<br>മുനിസിപ്പാലിറ്റിയിൽ നിന്നും ബിൽഡിംഗ് പെർമിറ്റ് ലഭിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത ഡിപ്പോയുടെ സ്ഥലം അളന്നുതിട്ടപ്പെടുത്തി വഴിക്കുള്ള സ്ഥലം വിട്ടുകൊടുക്കാനും ബാക്കിയുള്ള സ്ഥലം ചുറ്റുമതിൽ കെട്ടി സംരക്ഷിക്കാനുമുള്ള തീരുമാനം നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | പൊന്നാനി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ സ്ഥലം 04.12.2012 -ൽ അളന്ന് തിട്ടപ്പെടുത്തുകയുണ്ടായി. വഴിക്കുള്ള സ്ഥലം വിട്ടുകൊടുക്കുന്നതിനും ബാക്കിയുള്ള സ്ഥലം ചുറ്റു മതിൽ കെട്ടി സംരക്ഷിക്കുന്നതിനും വേണ്ടിയുള്ള തുടർ നടപടികൾ റവന്യൂ, മുനിസിപ്പൽ വിഭാഗങ്ങളിൽ നടന്നുവരികയാണ്. |

സെക്ഷൻ ഓഫീസർ